<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6535</u> | <u>20-03-2023 - ൽ മറുപടിയ്ക്ക്</u>

<u>മുട്ടത്തറയിലെ പ്രതീക്ഷ ഫ്ലാറ്റ് സമുച്ചയം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം മുട്ടത്തറയിൽ സ്ഥാപിച്ച പ്രതീക്ഷ ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണത്തിനായി ആകെ ചെലവഴിച്ച തുക എത്രയാണെന്നും നിർമ്മാണ കമ്പനിയ്ക്ക് എത്ര കോടി രൂപയാണ് നൽകിയിട്ടുള്ളതെന്നും പ്രസ്തുത കമ്പനിക്ക് ഈ ഇനത്തിൽ ഇനി തുക നൽകുവാൻ ഉണ്ടോ എന്നും വിശദമാക്കുമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറയിൽ സ്ഥാപിച്ച പ്രതീക്ഷ ഫ്ലാറ്റിന്റെ നിർമ്മാണ പ്രവർത്തനം നടത്തിയത് ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ആണ്. പ്രസ്തുത ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണത്തിനായി ആകെ 18.82 കോടി രൂപ ചെലവായിട്ടുണ്ട്. ഇതിൽ 17.63 കോടി രൂപ നിർമ്മാണ കമ്പനിയായ ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത കമ്പനിക്ക് ഈ ഇനത്തിൽ ഇനി തുകയൊന്നും നൽകുവാനില്ല |
| (ബി) | നിർമ്മാണ കമ്പനി ഫ്ലാറ്റ് നിർമ്മാണത്തിന് ഉപകരാറുകൾ നൽകിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഉപകരാർ നൽകിയിട്ടുള്ളതെന്നും ഓരോ പ്രവൃത്തിക്കും ചുമതലപ്പെടുത്തിയ ഏജൻസികൾ ആരൊക്കെയാണെന്നും എത്ര രൂപയുടെ ഉപകരാറുകളാണ് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ? | (ബി) | ഉപകരാറുകൾ നൽകിയതായി അറിവില്ല. |

സെക്ഷൻ ഓഫീസർ